# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.8 /1355/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 16/12/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.8 /1355/21 തീയ്യതി: 16/12/2021

## കണ്ണൂർ ജില്ലയിലെ തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-02-2020 മുതൽ 07-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 08-11-2021 | 25-11-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-11-2021 | 25-11-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി.ലതവാണി.എൻ.എൻ -ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)

ശ്രീമതി.സുമതി.ടി.ഒ -സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ശ്രീജ.കെ -സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.പ്രത്യൂഷ.എ)സ -ഓഡ ിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുരേഷ്ബാബു.കെ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.അനിൽ കുമാർ.പി | സെക്രട്ടറി | 01-04-2019 | 15-07-2019 |
| ശ്രീ.ടി.എം.ഉണ്ണികൃഷ്ണൻ | സെക്രട്ടറി | 16-07-2019 | 31-03-2020 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പ്രമോദ്.എം.കെ | കൃഷി ഓഫീസർ | 01-04-2019 | 25-11-2019 |
| ശ്രീ.പ്രകാശൻ കൂളപ്പൻ | കൃഷി ഓഫീസർ | 26-11-2019 | 09-01-2020 |
| ശ്രീമതി.ബുഷറ | കൃഷി ഓഫീസർ | 10-01-2020 | 31-03-2020 |
| ഡോ.രേഖ.വി | വെറ്റിനറി സർജ്ജൻ | 01-04-2019 | 03-02-2020 |
| ഡോ.വാണി.ആർ.പിള്ള | വെറ്റിനറി സർജ്ജൻ | 04-02-2020 | 31-03-2020 |
| ഡോ.സീനത്ത് കുഞ്ഞഹമ്മദ് | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 01-04-2019 | 15-09-2019 |
| ഡോ.രമ്യ.ടി.കെ | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 16-09-2019 | 05-11-2019 |
| ഡോ.ജാസ്മിൻ.എസ്.വിജയ് | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 06-11-2019 | 30-01-2020 |
| ഡോ.ആനന്ദവല്ലി.എ | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 31-01-2020 | 31-03-2020 |
| ഡോ.ചൈതന്യ.കെ.വി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 17-12-2019 |
| ഡോ.അമ്പിളി ചോലക്കാട്ടിൽ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 18-12-2019 | 31-03-2020 |
| ഡോ.ദീപ.പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 28-04-2019 |
| ഡോ.നീനു.സി.കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 29-04-2019 | 29-05-2019 |
| | | 30-05- | 31-03- |

| | | | |
|---|---|---|---|
| ഡോ.ദീപ.പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 2019 | 2020 |
| ശ്രീമതി.ആശാലത.പി.വി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 04-12-2019 |
| ശ്രീമതി.സ്മിത.വി | ഐ സി ഡി എസ് സൂപ്പർവൈസർ | 05-12-2019 | 02-01-2020 |
| ശ്രീമതി.സുമതി.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 03-01-2020 | 31-03-2020 |
| ശ്രീമതി.ജിഷ.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 25-06-2019 |
| ശ്രീമതി.ധന്യ | അസിസ്റ്റന്റ് എഞ്ചിനിയർ | 26-06-2019 | 31-03-2020 |
| ശ്രീ.ചന്ദ്രൻ.ടി.കെ | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീ.മോഹനൻ.എം.എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.റഷീദ് കെ.പി. | വി.ഇ.ഒ. (തൃപ്രങ്ങോട്ടൂർ) | 01-04-2019 | 31-03-2020 |
| ശ്രീ.അബ്ദുൾ നാസർ | വിഇ.ഒ.(പൊയിലൂർ) | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sreeja.K (Auditor, On 23-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Lathavani (Audit Officer, On 20-11-2021)<br>Last Updated By: Lathavani (Audit Officer, On 20-11-2021) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകത<br>Written By: Sumathi.T.O (Auditor, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Lathavani (Audit Officer, On 20-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-12-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Sumathi.T.O (Auditor, On 23-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Lathavani (Audit Officer, On 24-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sreeja.K (Auditor, On 24-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Lathavani (Audit Officer, On 23-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-12-2021) | 1-7 |
| 9 | വാർദ്ധക്യകാല പെൻഷൻ വിതരണത്തിലെ അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 1-7-1 |
| 10 | കർഷക തൊഴിലാളി പെൻഷൻ വിതരണത്തിലെ അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 1-7-2 |
| 11 | അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ വിതരണത്തിലെ അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 1-7-3 |
| 12 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: PRATHYOOSH S (Auditor, On 24-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-12-2021) | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathavani (Audit Officer, On 24-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-12-2021) | 1-9 |
| 14 | കമ്മിറ്റി<br>Written By: Sreeja.K (Auditor, On 23-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-12-2021) | 1-10 |
| 15 | ഗ്രാമസഭ<br>Written By: PRATHYOOSH S (Auditor, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-12-2021) | 1-11 |
| 16 | ഇ ടെണ്ടർ ഫീസ് ലഭ്യമാക്കേണ്ടത്<br>Written By: Lathavani (Audit Officer, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-12-2021) | 1-12 |
| 17 | എഫ് ടി ഇ & ഒ എസ് ലൈസൻസ് സംബന്ധിച്ച അപാകങ്ങൾ<br>Written By: PRATHYOOSH S (Auditor, On 22-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-12-2021) | 1-13 |

| | | |
|---|---|---|
| 18 | ഐ.കെ.എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 24-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-12-2021) | 1-14 |
| 19 | ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിൽ പങ്കാളിത്ത പെൻഷൻ വിഹിതം ഈടാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-12-2021) | 1-15 |
| 20 | തെരുവ് വിളക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല,ഇലക്ട്രിസിറ്റി ബോർഡുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-12-2021) | 1-16 |
| 21 | പൊതു ടാപ്പുകളുടെ വെള്ളക്കരം - കുടിശ്ശിക തീർപ്പാക്കേണ്ടതാണ്<br>Written By: Sumathi.T.O (Auditor, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-12-2021) | 1-17 |
| 22 | സൗരോർജ വേലി പദ്ധതി പൂർത്തിയായിട്ടില്ല<br>Written By: Sumathi.T.O (Auditor, On 24-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 1-18 |
| 23 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗിക്കാത്ത തുക തിരിച്ചടവാക്കേണ്ടത്<br>Written By: PRATHYOOSH S (Auditor, On 24-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 1-19 |
| 24 | കരാർ കാലാവധിക്കകം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല.<br>Written By: Lathavani (Audit Officer, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-12-2021) | 1-20 |
| 25 | മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 1-21 |
| 26 | ലേഡീസ് റിട്ടയറിംഗ് റൂം കൺസ്ട്രക്ഷൻ- പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Lathavani (Audit Officer, On 26-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-12-2021) | 1-22 |
| 27 | മരാമത്ത് പദ്ധതിയുടെ ഫയൽ സൂക്ഷിപ്പിലെ അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-12-2021) | 1-23 |
| 28 | സമയബന്ധിതമായി മരാമത്ത് പദ്ധതി നടപ്പിലാക്കിയില്ല<br>Written By: Lathavani (Audit Officer, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 1-24 |
| 29 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്- അർഹമായ തുക മുഴുവനായും അനുവദിക്കേണ്ടതാണ്<br>Written By: Sreeja.K (Auditor, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-12-2021) | 1-25 |
| 30 | ബാലസഭ പ്രവർത്തനം- ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.₹13460 തടസ്സപ്പെടുത്തുന്നു<br>Written By: Sreeja.K (Auditor, On 24-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 1-26 |
| 31 | എസ് ടി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം- ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതിന്റെ രേഖകൾ | 1-27 |

| | | |
|---|---|---|
| | ലഭ്യമല്ല<br>Written By: Sreeja.K (Auditor, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-12-2021) | |
| 32 | ജീവനം ക്യാൻസർ സർവ്വേ-കാട്ടേഷൻ രേഖകൾ ലഭ്യമാക്കിയിട്ടില്ല.₹25300 തടസ്സപ്പെടുത്തുന്നു.<br>Written By: Sreeja.K (Auditor, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-12-2021) | 1-28 |
| 33 | തുടർ സാക്ഷരത -തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടത്<br>Written By: Lathavani (Audit Officer, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 1-29 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ സാക്ഷ്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 24-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sumathi.T.O (Auditor, On 23-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 24-11-2021)<br>Last Updated By: Lathavani (Audit Officer, On 24-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 24-11-2021)<br>Last Updated By: Lathavani (Audit Officer, On 24-11-2021) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Sumathi.T.O (Auditor, On 23-11-2021)<br>Last Updated By: Lathavani (Audit Officer, On 24-11-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Sumathi.T.O (Auditor, On 23-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sumathi.T.O (Auditor, On 23-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ സംബന്ധിച്ച വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 24-11-2021)<br>Last Updated By: Lathavani (Audit Officer, On 24-11-2021) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികൾ സംബന്ധിച്ച വിവരം<br>Written By: Lathavani (Audit Officer, On 24-11-2021)<br>Last Updated By: Lathavani (Audit Officer, On 24-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lathavani (Audit Officer, On 26-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Lathavani (Audit Officer, On 24-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-12-2021) | 4-11 |
| | **അനുബന്ധം** | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | RECEIPT & PAYMENT STATEMENT |
| 4 | INCOME & EXPENDITURE STATEMENT |
| 5 | BALANCE SHEET |

# ഭാഗം -1

## 1-1 ബജറ്റ്

| | | |
|---|---|---|
| ഭരണസമിതിതീരുമാനംനമ്പർ/ തീയ്യതി | 51/2019 Dtd 20.02.2019 | |
| പുതുക്കിയതീരുമാനംനമ്പർ, തീയ്യതി | 64(2)/2020 Dtd. 25.03.2020 | |
| ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിതീരുമാനംനമ്പർ/ തീയ്യതി | 16/2019 Dtd.16.02.2019 | |
| പുതുക്കിയതീരുമാനംനമ്പർ/ തീയ്യതി | 25/2020 Dtd.12.03.2020 | |
| ഇനം | ബജറ്റ്പ്രകാരം | പുതുക്കിയബജറ്റ്പ്രകാരം |
| മുന്നിരിപ്പ് | 18439768 | 30013917 |
| വരവ് | 252892075 | 241729275 |
| ആകെ | 271331843 | 271743192 |
| ചെലവ് | 251888738 | 118939802 |
| നീക്കിയിരിപ്പ് | 19443105 | 152803390 |

2019-20 വർഷത്തെ ബജറ്റ് രൂപീകരണത്തിന്റെ ഭാഗമായി ഘടക സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച ചേർക്കുന്നതിനായി 5-12-2018 തീയതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സ്ഥാപനമേധാവികളുടെ യോഗം വിളിച്ച ചേർത്തതിന്റെ രേഖകൾ ലഭിച്ചിട്ടില്ല.ഘടക സ്ഥാപനങ്ങൾ ബജറ്റ് പ്രൊപ്പോസലുകൾ ബജറ്റ് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള സമയക്രമത്തിനുള്ളിൽ സമർപ്പിച്ചിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കുക,ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതരനിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കുക കരട് ബജറ്റ് ചർച്ച ചെയ്യുക എന്നിവ സമയ പരിധിക്കുള്ളിൽ നിർവ്വഹിച്ചിട്ടുണ്ട്. വാർഷിക ബജറ്റുമായി ബന്ധപ്പെട്ട്. ബജറ്റ് പ്രസംഗം,ബജറ്റ് കുറിപ്പുകൾ,ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും എന്നി ബജറ്റ് ഡോക്യുമെന്റ് ആയി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. പെർഫോമൻസ് ബജറ്റ്,ജെൻഡർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

## 1-2 വാർഷീക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2020 | 26.06.2020 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക കണക്കിലെ അപാകത

1.പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീ രജിസ്റ്റർ, ടെണ്ടർ ഫോറം രജിസ്റ്റർ, കെ.യു.ആർ.ഡി.എഫ്.സി. ലോൺ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. ഈയിനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

2.പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യത്തിന്റെ (Land) വിവരം ബി-11 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടില്ല

3.ബി-9 ഷെഡ്യൂൾ പ്രകാരം Value Added Tax ഇനത്തിൽ 1823 രൂപ അടവാക്കാൻ ബാക്കിയുണ്ട്.2017-18 സാമ്പത്തിക വർഷം അവസാനം മുതൽ ബാധ്യതയായി രേഖപ്പെടുത്തിയ തുക സർക്കാരിലേക്ക് അടവാക്കിയിട്ടില്ല.

4.കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയതിന്റെ രേഖ ഹാജരാക്കിയിട്ടില്ല

## 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ ) |
|---|---|
| | |

| | |
|---|---|
| മുന്നിരിപ്പ് | 26144986.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 48006058.00 |
| ആകെ | 74151044 .00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 40878407 .00 |
| നീക്കിയിരിപ്പ് | 33272637 .00 |
| വരവിനങ്ങളിലെ നഷ്ടം/ | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 38760 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ക്യൂ ബിൽ പ്രകാരം | ലാപ്സ്/ നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 12749196 | 12749196 | 11575339 | 899491 | 274366 |
| വികസന ഫണ്ട് എസ്.സി.പി | 0 | 1257000 | 1257000 | 879890 | 273500 | 103610 |
| വികസന ഫണ്ട് ടിഎസ് പി | 0 | 905000 | 905000 | 268305 | 275684 | 361011 |
| മെയിന്റനൻസ് റോഡ് | 0 | 6576000 | 6576000 | 2095032 | 376033 | 4104935 |
| മെയിന്റനൻസ് നോൺ റോഡ് | 0 | 4513000 | 4513000 | 2312703 | 220303 | 1979994 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 10179509 | 10179509 | 4326005 | 3800149 | 2053355 |
| **കേന്ദ്രാവിഷ്കൃത വിഹിതം** | | | | | | |
| ശുചിത്വ മിഷൻ ഫണ്ട് | 343535 | - | 343535 | - | | 343535 |
| അംഗൻവാടി പോഷകാഹാരം | 1554029 | 826953 | 2380982 | 890777 | | 1490205 |
| നിർമ്മൽ പുരസ്കാർ | 156850 | 0 | 156850 | 0 | | 156850 |
| TSC Fund | 1665000 | - | 1665000 | 240000 | | 1425000 |
| **സംസ്ഥാന സർക്കാർ** | | | | | | |
| സാക്ഷരത | 100679 | 3948 | 104627 | 97816 | | 6811 |
| വിമുക്തി,ആശ്രയ | 42430 | 236734 | 279164 | 238244 | | 40920 |
| ഖരമാലിന്യ സംസ്കരണം | 2700 | 0 | 2700 | 0 | | 2700 |
| പൊതു ഉദ്ദേശ്യ ഗ്രാന്റുകൾ | 10000 | - | 10000 | - | | 10000 |
| കേരളോത്സവം | 20000 | 20000 | 40000 | 0 | | 40000 |
| സ്റ്റേറ്റ് | | 113000 | 113000 | 113000 | | |

| | | | | | | |
|---|---|---|---|---|---|---|
| സ്പോൺസേഡ് സ്കീം | | | | | | |

2019-20 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രിക ലഭ്യമാക്കിയിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | അടങ്കൽ | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | ചെലവ് | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 181 | 91 | 5,84,64,843 | 65 | 26 | 90 | 2,90,83,196 | 35.9 |

| ക്രമ നമ്പർ | | പദ്ധതി അടങ്കൽ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് | ചെലവഴിച്ച പദ്ധതികളുടെ എണ്ണം | പദ്ധതികളുടെ ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 3028775 | 9 | 1439670 | 8 | 47.53 |
| 2 | വെറ്റിനറി സർജൻ | 3682420 | 8 | 1440494 | 5 | 39.11 |
| 3 | മെഡിക്കൽ ഓഫീസർ (പിഎച്ച് സി) | 1493000 | 6 | 1458913 | 6 | 97.71 |
| 4 | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 2,40,000 | 2 | 2,36,500 | 2 | 98.54 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 6,23,100 | 1 | 6,23,100 | 1 | 100 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (1) | 23,66,500 | 4 | 17,48,139 | 1 | 73.87 |
| 7 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (2) | 35,48,717 | 9 | 27,45,817 | 7 | 77.37 |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 40,73,200 | 4 | 34,04,156 | 3 | 83.57 |
| 9 | സെക്രട്ടറി | 69,65,563 | 19 | 52,94,721 | 15 | 76.01 |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ | 2,96,04,868 | 100 | 87,35,359 | 30 | 29.50 |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 18,60,000 | 15 | 10,24,655 | 10 | 55.08 |
| 12 | ഹെഡ് മാസ്റ്റർ, | 9,78,700 | 4 | 9,31,672 | 3 | 95.19 |
| | ആകെ | 5,84,64,843 | 181 | 2,90,83,196 | 91 | 49.74 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 8299 | 766813 | 775112 | 396911 | 378201 |
| തൊഴിലാളികളുടെ | - | 24918942 | 24918942 | 24918942 | - |

| | | | | | |
|---|---|---|---|---|---|
| കൂലി | | | | | |
| ആകെ | 8299 | 25685755 | 25694054 | 25315853 | 378201 |

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൃപ്രങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിൽ ആകെ 4371 കുടുംബങ്ങൾ തൊഴിലിനായി രജിസ്റ്റർ ചെയ്യുകയും രജിസ്റ്റർ ചെയ്തതിൽ 3 കുടുംബങ്ങൾക്ക് ഒഴികെയുള്ളവർക്ക് തൊഴിൽ കാർഡ് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 1636 കുടുംബങ്ങൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്. എന്നാൽ 82 കുടുംബങ്ങൾക്ക് മാത്രമാണ് 100 ദിവസം പൂർണ്ണമായും തൊഴിൽ നൽകാൻ സാധിച്ചിട്ടുള്ളത്. ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച 515പദ്ധതികളിൽ 219 പദ്ധതികൾ തൻ വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ 72311 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 6,18,600 | 167 |
| തൊഴിൽരഹിത വേതനം | 240 | 1 |
| വിധവാ പെൻഷൻ | 3994800 | 1190 |
| വാർദ്ധക്യകാല പെൻഷൻ | 7212900 | 2204 |
| വികലാംഗ പെൻഷൻ | 1275300 | 386 |
| അവിവാഹിത പെൻഷൻ | 411600 | 114 |
| വിവാഹ ധനസഹായം | 90,000 | 3 |

## 1-7-1 വാർദ്ധക്യകാല പെൻഷൻ വിതരണത്തിലെ അപാകങ്ങൾ

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന റാൻഡം പരിശോധന നടത്തിയപ്പോൾ ,താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു .

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ തരം | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|
| ഖാദർ | 716449127414 | 111570201042 | 3.12.2018 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 7/2019 |
| പുതുക്കുടിയൽ ദേവി | 632349096375 | 111570500003 | 20.1.2019 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 4/2019 |
| അമ്മദ് .പി | 225515730974 | 111570201356 | 18.2.2019 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 7/2019 |

| | | | | | |
|---|---|---|---|---|---|
| കൃഷ്ണൻ അമ്മണാന്തി | 659566725060 | 111570200064 | 27.3.2019 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 4/19 വരെ |
| കുഞ്ഞിക്കണ്ണൻ | 755345992961 | 111570200280 | 12.1.2019 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 4/19 വരെ |
| നാരായണി | 948135619365 | 111570201212 | 23.4.2019 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 7/19 വരെ |
| അബൂബക്കർ.സി.കെ | 212287892115 | 111570201885 | 19.5.2019 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 7/19 വരെ |
| നാണ - | 287155049707 | 111570100277 | 6.6.2019 | കർഷക തൊഴിലാളി പെൻഷൻ | 7/19 വരെ |
| ജാനു | 295641644083 | 111570200930 | 23.6.2019 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 7/19 വരെ |
| റഹ്മത്ത് | 814677247132 | 111570201405 | 28.6.2019 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 7/19 വരെ |
| അബൂബക്കർപുനത്തിൽ, അമ്മദ്മകൻ | 419624153772 | 111570200641 | 14.12.2019 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 10/21 |

മേൽ പരാമർശിച്ചവരുടെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുണ്ടോയെന്നും അധികം അക്കൗണ്ട് ചെയ്ത തുക തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും ചോദിച്ച് നൽകിയ എൻക്വയറിയ്ക്ക് (നം -24/24.11.2021) ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ഇപ്പോൾ മേൽ പറഞ്ഞ ഗുണഭോക്താക്കളെ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നും , അനർഹമായി കൈപ്പറ്റിയ മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ തുക തിരിച്ചടവാക്കുവാൻ ബന്ധുക്കൾക്ക് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുക തിരിച്ചടച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്
മരണപ്പെടുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ യഥാസമയം റിപ്പോർട്ടു ചെയ്യുന്ന മുറയ്ക്ക് അവർ പെൻഷൻ ഗുണഭോക്താക്കളാണെങ്കിൽ അവരെ ഡാറ്റാ ബേസിൽനിന്നും നീക്കം ചെയ്യേണ്ടതാണ് .

## 1-7-2 കർഷക തൊഴിലാളി പെൻഷൻ വിതരണത്തിലെ അപാകങ്ങൾ

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന റാൻഡം പരിശോധന നടത്തിയപ്പോൾ ,താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഉദാഹരണം താഴെ കൊടുക്കുന്നു .

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ തരം | പെൻഷൻ വിതരണം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | ചെയ്തതിന്റെ വിവരങ്ങൾ |
| നാണു | 287155049707 | 111570100277 | 6.6.2019 | കർഷക തൊഴിലാളി പെൻഷൻ) | 7/19 വരെ |

മേൽ പരാമർശിച്ചവരുടെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുണ്ടോയെന്നും അധികം അക്കൗണ്ട് ചെയ്ത തുക തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും ചോദിച്ച് നൽകിയ എൻക്വയറിയ്ക്ക് (നം -24/24.11.2021) ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ഇപ്പോൾ മേൽ പറഞ്ഞ ഗുണഭോക്താക്കളെ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നും, അനർഹമായി കൈപ്പറ്റിയ മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ തുക തിരിച്ചടവാക്കുവാൻ ബന്ധുക്കൾക്ക് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുക തിരിച്ചടച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. മരണപ്പെടുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ യഥാസമയം റിപ്പോർട്ടു ചെയ്യുന്ന മുറയ്ക്ക് അവർ പെൻഷൻ ഗുണഭോക്താക്കളാണെങ്കിൽ അവരെ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണ് .

## 1-7-3 അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ വിതരണത്തിലെ അപാകങ്ങൾ

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന റാൻഡം പരിശോധന നടത്തിയപ്പോൾ ,താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഉദാഹരണം താഴെ കൊടുക്കുന്നു .

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ തരം | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|
| പുതുക്കുടിയൽ ദേവി | 632349096375 | 111570500003 | 20.1.2019 | (50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ) | 4/2019 |

മേൽ പരാമർശിച്ചവരുടെ പെൻഷൻ സസ്പെൻഡ്ചെയ്തിട്ടുണ്ടോയെന്നും അധികം അക്കൗണ്ട് ചെയ്ത തുക തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും ചോദിച്ച് നൽകിയ എൻക്വയറിയ്ക്ക് (നം -24/24.11.2021)ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ഇപ്പോൾ മേൽ പറഞ്ഞ ഗുണഭോക്താക്കളെ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നും, അനർഹമായി കൈപ്പറ്റിയ മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ തുക തിരിച്ചടവാക്കുവാൻ ബന്ധുക്കൾക്ക് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുക തിരിച്ചടച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

മരണപ്പെടുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ യഥാസമയം റിപ്പോർട്ടു ചെയ്യുന്ന മുറയ്ക്ക് അവർ പെൻഷൻ ഗുണഭോക്താക്കളാണെങ്കിൽ അവരെ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണ് .

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)- വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

18-11-2021തീയ്യതിയിൽ 3.10pm സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹5303/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

2019-20 വർഷം 5/19 ഒഴികെ ബാക്കി എല്ലാ മാസവും കൃത്യമായി സ്റ്റാഫ് മീറ്റിംഗ് ചേർന്ന് തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. പുതുക്കിയ ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി വിലയിരുത്തുന്നുണ്ട്. സാമൂഹ്യസുരക്ഷ പെൻഷൻ ഗുണഭോക്താക്കൾമരണപ്പെട്ട ശേഷവും

പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെടുന്നത് ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ പാളിച്ചയാണ്. ആയത് ഒഴിവാക്കാനുള്ളനടപടികൾ സ്വീകരിക്കേണ്ടതാണ്. ഇൻകുമ്പൻസി രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല .

## 1-10 കമ്മിറ്റി

**വർക്കിംഗ് ഗ്രൂപ്പ്**

2019-20 വർഷം ചേർന്ന വർക്കിംഗ് ഗ്രൂപ്പുകളിൽ പദ്ധതി നിർദ്ദേശങ്ങൾ മാത്രമാണ് വന്നിട്ടുള്ളത്. .4-1-2020 ൽ ചേർന്ന യോഗത്തിൽ 2020-21 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് ചേർന്ന യോഗങ്ങളുടെ ഹാജർ മാത്രമാണ് മിനുട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 2019-20 സാമ്പത്തിക വർഷത്തെ പദ്ധതികൾ വിലയിരുത്തുകയോ പദ്ധതികൾ പൂർത്തിയാകുന്ന മുറക്ക് അവലോകനം നടത്തുകയോ ചെയ്തിട്ടില്ല എന്നാണ് മിനുട്സ് പരിശോധനയിൽ വ്യക്തമായിട്ടുള്ളത്. പദ്ധതികളുടെ മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണെന്നിരിക്കെ ആയത് നടത്താതിരുന്നത് ഉചിതമായ നടപടിയല്ല.

**വികസന സെമിനാർ**

2019-20 വാർഷീക പദ്ധതിരൂപീകരണത്തിനായി കരട് പദ്ധതിരേഖ ചർച്ച ചെയ്യുന്നതിന് 1/11/18 ന് വികസന സെമിനാർ കൂടിയിട്ടുണ്ട്. കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തത് സംബന്ധിച്ച് മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. യോഗത്തിൽ 121 പേർ പങ്കെടുത്തിട്ടുണ്ട്

**സ്റ്റാൻഡിംഗ് കമ്മിറ്റി**

എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റിയും കൃത്യമായി യോഗം ചേർന്ന് വിലയിരുത്തൽ, നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി പൊതുഭരണം,നികുതി പിരിവ് അവലോകനം എന്നിവ കൃത്യമായി നടത്തുന്നുണ്ട്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി സാമൂഹ്യസുരക്ഷപെൻഷൻ ,പദ്ധതി അവലോകനം എന്നിവ നടത്തുന്നുണ്ട്. എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റിയും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ സമർപ്പിച്ച നോൺപ്ലാൻ ബജറ്റ് ശുപാർശ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയ്ക്ക് കൈമാറിയിട്ടുണ്ട്.സ്റ്റാന്റിംഗ് തമ്മിറ്റികൾ പദ്ധതി പുരോഗതി വിലയിരുത്തുകയും പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

**സ്റ്റിയറിംഗ് കമ്മിറ്റി**

2019 ഏപ്രിൽ മാസം,2020 മാർച്ച് മാസം ഒഴികെ ബാക്കി എല്ലാ മാസങ്ങളിലും കൃത്യമായി യോഗം ചേർന്നിട്ടുണ്ട്. യോഗ മിനുട്ട്സ് കൃത്യമായി എഴുതിയിട്ടുണ്ട് .

## 1-11 ഗ്രാമസഭ

2019-20 വർഷം 3 ഗ്രാമസഭ കൂടിയിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമ സഭ അജണ്ടയിലെ ഒരിനമായി വെക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമസഭകളിൽ, പങ്കെടുക്കുന്നവരുടെ മേൽവിലാസം ചേർക്കുന്നില്ല. ഗ്രാമസഭകളിൽ ജന പ്രാതിനിധ്യം നിശ്ചിത ക്വാറം തികയുന്നുണ്ട്. യോഗം അവസാനിച്ചാൽ കോ ഓർഡിനേറ്ററും യോഗത്തിന്റെ അദ്ധ്യക്ഷനും യോഗത്തിൽ പങ്കെടുത്തിട്ടുള്ള ജന പ്രതിനിധികളും കൂടാതെ ഗ്രാമസഭ യോഗത്തിൽ പങ്കെടുത്തിട്ടുള്ള 10 പേരുടെയെങ്കിലും ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മിക്ക വാർഡുകളിലും യോഗത്തിന്റെ അദ്ധ്യക്ഷൻ മാത്രമേ ഒപ്പ് രേഖപ്പെടുത്തുന്നുള്ളൂ.

## 1-12 ഇ ടെണ്ടർ ഫീസ് ലഭ്യമാക്കേണ്ടത്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽനിന്നും ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല. നാളിതുവരെയായി ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| വർഷം | തുക |
|---|---|
| 2015-17 | 34,640 |
| 2018 | 28,650 |
| 2019 | 17,513 |
| ആകെ | 80,803 |

തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-13 എഫ് ടി ഇ & ഒ എസ് ലൈസൻസ് സംബന്ധിച്ച അപാകങ്ങൾ

2019-20സാമ്പത്തിക വർഷത്തെ ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചപ്പോൾ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം കണക്കാക്കിയിരുന്നില്ല . ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു .

| ക്രമ നം . | സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേര് | വാർഡ് / കെട്ടിട നമ്പർ | നിശ്ചയിച്ച ഫീ |
|---|---|---|---|---|
| 1 | ശോഭിക ടെക്സ്റ്റയിൽസ് | കുഞ്ഞമ്മദ് ഹാജി .സി .എ | 11/802 മുതൽ 11/809 വരെ (ആകെ8 കടമുറികൾ ) | 500/- |
| 2 | സൂം ഷോപ്പിംഗ് സെന്റർ | അബ്ദുൾ സലിം | 11/727 മുതൽ 11/731വരെ, 11/737 (ആകെ 6 കടമുറികൾ ) | 500/- |
| 3 | ഹോളിഡേയ്സ് റെസ്റ്റോറന്റ് ഹോട്ടൽ & കൂൾ ബാർ | അബ്ദുൾ റഹ്മാൻ | 11/555 മുതൽ 11/560 വരെ (ആകെ 6 കടമുറികൾ ) | 500/- |
| 4 | എൻ സി സ്റ്റോർസ് | നാണു എൻ. | 6/108, 6/109, 6/110 (ആകെ3 കടമുറികൾ ) | 500/- |
| 5 | ജനറൽ സൊല്യൂഷൻസ് | ഷിബിൽ . എസ് | 15/712 , 15/714 (ആകെ 2 കടമുറികൾ ) | 500/- |

സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീ നിശ്ചയിച്ചതിന്റേയും ഈടാക്കിയതിന്റേയും അടിസ്ഥാനം അന്വേഷിച്ച് ഓഡിറ്റ് അന്വേഷണം നൽകിയപ്പോൾ (നം .4 /തീയ്യതി 15.11.2021) , മൂലധന നിക്ഷേപം രേഖപ്പെടുത്താൻ വിട്ടു പോയതായും ഇനിയുള്ള അപേക്ഷകളിൽ ചട്ടങ്ങൾ പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം ലൈസൻസിന് ഡിമാൻഡ് ചെയ്ത തുക 271800/- രൂപയും പിരിച്ചെടുത്ത തുക 238800/-രൂപയും ബാലൻസ് തുക 33000/- രൂപയുമാണ് . ബാലൻസ് തുകയിൽ 9500 രൂപ ഇതുവരെ പിരിച്ചെടുത്തിട്ടുണ്ടെന്നും മിച്ചമുള്ള കുടിശ്ശിക അടവാക്കാൻ നോട്ടീസ് നൽകിയതായും മേൽ അന്വേഷണത്തിന് മറുപടി നൽകിയിട്ടുണ്ട് .

## 1-14 ഐ.കെ.എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/ പേര് | 6/20, സാങ്കേതിക സഹായത്തിന് ഐ.കെ.എമ്മിന് വിഹിതം നൽകൽ |
| അടങ്കൽ | ₹64,725 വികസന ഫണ്ട്,ജനറൽ |
| ചെലവ് | ₹64,135 |
| | |

| | |
|---|---|
| ബിൽ നമ്പർ/ തീയതി | 19220752009300814125/13-11-2019 |

എക്സിക്യൂട്ടീവ് ഡയറക്ടർ ,ഐ.കെ.എമ്മിന് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകുന്നതിനാണ് മേൽ തുക ചെലവഴിച്ചത്. എന്നാൽ തുക വിനിയോഗിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.07/16-11-2021) മറുപടിയായി 15-11-2021 എ1-772/21 നമ്പറായുള്ള കത്ത് ഐ.കെ.എമ്മിന് നൽകിയിട്ടുണ്ടെന്നും സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-15 ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിൽ പങ്കാളിത്ത പെൻഷൻ വിഹിതം ഈടാക്കിയിട്ടില്ല

ജി.ഒ (പി) നം. 44/19 ഫിൻ തീ. 04-04-2019 പ്രകാരം 01-01-2018 മുതൽ 31-03-2019 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക അനുവദിക്കുന്നതിന് വൗച്ചർ നമ്പർ 21900106 Dt 18-05-2019 പ്രകാരം 1,51,042 രൂപ, വൗച്ചർ നമ്പർ 21900380 Dt 06-09-2019 പ്രകാരം 1117 രൂപ എന്നിങ്ങനെ പിൻവലിച്ചിട്ടുണ്ട്. എന്നാൽ പങ്കാളിത്ത പെൻഷന് അർഹതയുള്ള താഴെ പറയുന്ന ജീവനക്കാരിൽ നിന്നും പങ്കാളിത്ത പെൻഷൻ വിഹിതം ഈടാക്കിയതായി കാണുന്നില്ല.

| പേര് /തസ്തിക | അനുവദിച്ച ക്ഷാമബത്ത കുടിശ്ശിക | ഈടാക്കേണ്ടത വിഹിതം |
|---|---|---|
| ജോജോ ജോസഫ്, ക്ലർക്ക് | 2237 | 223 |
| നിഷാദ് വി.എം ,ക്ലർക്ക് | 9909 | 990 |
| സച്ചിൻ.കെ.പി,ക്ലർക്ക് | 11065 | 1106 |
| ഷൈമ.കെ.പി,ക്ലർക്ക് | 1117 | 111 |
| ജ്യോതിഷ്.കെ.കെ,ഡ്രൈവർ | 11851 | 1185 |
| രമ്യ.സി.പി.കെ | 10760 | 1076 |
| | ആകെ | 4691 |

അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും ചേർന്നുള്ളതിന്റെ 10 % ആണ് പെൻഷൻ വിഹിതം ഈടാക്കേണ്ടതെന്നിരിക്കെ മേൽ കൊടുത്ത ജീവനക്കാരിൽ നിന്നും പങ്കാളിത്ത പെൻഷൻ വിഹിതം പിടിക്കാതെ ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിന് കാരണം വ്യക്തമാക്കുവാനും പ്രസ്തുത ജീവനക്കാരുടെ പെൻഷൻ വിഹിതത്തിന് തുല്യമായ പഞ്ചായത്ത് വിഹിതം അടവാക്കിയതിന്റെ വിവരവും അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 01/12-11-2021) ലഭ്യമാക്കിയ മറുപടിയിൽ ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശികയുടെ 10 % ഈടാക്കുന്നതിനും തുല്യമായ സർക്കാർ വിഹിതവും ചേർത്ത് പ്രാൺ അക്കൌണ്ടിൽ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പങ്കാളിത്ത പെൻഷൻ വിഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-16 തെരുവ് വിളക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല,ഇലക്ട്രിസിറ്റി ബോർഡുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല

തെരുവ് വിളക്കിന്റെ വൈദ്യുതി ചാർജ്ജിനത്തിൽ 2019-20 സാമ്പത്തിക വർഷം 9,85,480 രൂപ ചെലവുണ്ട്. തെരുവ് വിളക്കുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ തുക അടവാക്കിയതിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ഇലക്ട്രിസിറ്റി ബോർഡുമായി സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 23/23-11-2021 ) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്

## 1-17 പൊതു ടാപ്പുകളുടെ വെള്ളക്കരം - കുടിശ്ശിക തീർപ്പാക്കേണ്ടതാണ്

പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 13 ടാപ്പിന്റെ ചാർജായ 5688 രൂപ (ടാപ്പ് ഒന്നിന് പ്രതിവർഷം 5250 രൂപ നിരക്കിൽ)പ്രതിമാസം വാട്ടർ അതോറിറ്റിക്ക് അടവാക്കുന്നുണ്ട്. വാട്ടർ അതോറിറ്റിയുടെ 07-03-2020 തീയതിയിലെ ബി2-1103/20 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം 29-02-2020 വരെയുള്ള കുടിശ്ശികയായി 67,972 രൂപയും പിഴയായി 1333 രൂപയും അടക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ കുടിശ്ശിക വരാനുണ്ടായ സാഹചര്യവും വാട്ടർ

അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ടും പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2/12-11-2021 ) ലഭ്യമാക്കിയ മറുപടിയിൽ 23-10-2018 ന് നടത്തിയ സംയുക്ത പരിശോധന റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ട്. കുടിശ്ശിക തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 സൗരോർജ വേലി പദ്ധതി പൂർത്തിയായിട്ടില്ല

| | |
|---|---|
| നിര്‍വ്വഹണം | കൃഷി ഓഫിസർ |
| പ്രോജക്റ്റ് പേര്/നമ്പർ | സൗരോർജ വേലി, 40/20 |
| അടങ്കൽ | ₹ 210000 വികസന ഫണ്ട്,ജനറൽ |
| | ₹ 210000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| | ₹ 210000 ജില്ലാ പഞ്ചായത്ത് വിഹിതം |
| | ₹630000 |
| ചെലവ് | ₹ 210000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| ബിൽ നമ്പർ /തീയതി | 19220752009401341331/25-02-2020 |

നരിക്കോട് മലമ്പ്രദേശത്ത് വന്യമൃഗ ശല്യം തടയുന്നതിന് സൗരോർജ വേലി സ്ഥാപിക്കുകയെന്നുള്ളതാണ് മേൽ പദ്ധതി ലക്ഷ്യം. ഇതിനായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, കണ്ണൂർ ഡിവിഷൻ കണ്ണോത്തുംചാൽ കണ്ണൂർ-ന് നൽകുന്നതിനാണ് മേൽതുക ചെലവഴിച്ചത്. വനം വകുപ്പിന്റെ സ്ഥലം ആയതിനാൽ ഗ്രാമ പഞ്ചായത്തിന് നേരിട്ട് പ്രവൃത്തി നടത്താൻ സാധിക്കാത്തതിനാൽ ഡിവിഷൻ ഫോറസ്റ്റ് ഓഫീസർക്ക് തുക കൈമാറുകയാണ് ചെയ്തത്. കണ്ണവം ഫോറസ്റ്റ് റെയ്ഞ്ചിലെ പൊയിലൂർ വനം സംരംക്ഷണ സമിതി മുഖേനയാണ് പ്രവൃത്തി ചെയ്യാൻ തീരുമാനിച്ച് കരാർ വെച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയും പ്രവൃത്തി ആരംഭിച്ചിട്ടില്ല . പ്രവൃത്തിയുടെ എസ്റ്റിമേറ്റ് കണ്ണവം റേഞ്ച് ഫോറസ്റ്റ് ഓഫീസർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് അംഗീകരിച്ചിട്ടില്ലെന്നും എസ്റ്റിമേറ്റ് പരിശോധന നടത്തി അംഗീകരിച്ച ശേഷം പ്രവൃത്തി ആരംഭിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് (നം.06/16-11-2021) നൽകിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. തുക കൈമാറിയിട്ടും നാളിതുവരെയായും പൂർത്തീകരിച്ചിട്ടില്ല. വിനിയോഗിക്കാത്ത തുക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.18-ൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-19 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗിക്കാത്ത തുക തിരിച്ചടവാക്കേണ്ടത്

| | |
|---|---|
| നിര്‍വ്വഹണദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്റ്റിന്റെ പേര് &നം | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-49/20 |
| അടങ്കൽ | 156250/-<br>(വികസന ഫണ്ട്-പൊതു വിഭാഗം)<br>156250/-(സംസ്ഥാനാവിഷ്കൃത ഫണ്ട് )<br>312500(മറ്റുള്ളവ) |
| ചെലവ് | 156250/-( വികസന ഫണ്ട് ) |
| ബിൽ നം & തീയതി | 19220752011400982502, -23.12.2019 |

2019-20 സാമ്പത്തിക വർഷത്തിൽ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായി 1,56,250/-രൂപ [25 ക്ഷീര കർഷകർക്കുള്ള പഞ്ചായത്ത് വിഹിതം (6250രൂപ വീതം )], എസ്.എൽ. ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്ര പ്രകാരം 144781.75 രൂപ ചെലവഴിച്ചതായും പദ്ധതി പൂർത്തിയായതായും കാണുന്നു. ആയതിനാൽ മിച്ചമുള്ള തുകയായ 11468.25 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ് . ആയിഷ വയനോളി പൊയിൽ എന്ന ഗുണഭോക്താവ് 02.11.2020 തീയ്യതിയിൽ പദ്ധതിയിൽ നിന്ന്

പിൻവാങ്ങിയതായി നിർവഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ച എസ് എൽ ബി പി തലശ്ശേരി ഓഫീസിൽ നിന്നുള്ള രേഖ പ്രകാരം വ്യക്തമാണ്. മേൽ പറഞ്ഞ ഗുണഭോക്താവിന് അനർഹമായി നൽകിയ തുകയും മിച്ചമുള്ള തുകയും എത്രയെന്ന് കണ്ടെത്തി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്. സംസ്ഥാനവിഷ്കൃത ഫണ്ട് പദ്ധതി അടങ്കലിൽ കാണിച്ചിട്ടുണ്ടെങ്കിലും ചെലവഴിച്ചതായി കാണുന്നില്ല. ഓഡിറ്റ് അന്വേഷണത്തിനു (നം .16 തീയ്യതി 18.11.2021) രേഖാമൂലം മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-20 കരാർ കാലാവധിക്കകം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല.

ജി.ഒ (പി)നം .13/2012/പി.ഡബ്ള്യ.ഡി/ തീയതി .01-02-2012 ലെ പരിഷ്കരിച്ച പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2112 പ്രകാരം, പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരൻ, അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിച്ചാൽ പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പിഴ ചുമത്തി കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. യഥാർഥ പൂർത്തീകരണ കാലത്തിന്റെ 25% സമയം ആദ്യ ഘട്ടത്തിലും രണ്ടാം ഘട്ടത്തിൽ 25% വും പരമാവധി യഥാർഥ പൂർത്തീകരണ കാലത്തിന്റെ പകുതിയും കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. 2112.1 ഖണ്ഡിക പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസത്തിന് ആദ്യ 25% കരാർതുകയുടെ 1% പിഴയും അടുത്ത 25% ന് കരാർതുകയുടെ 2% പിഴയും ഈടാക്കേണ്ടതാണ്. കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥനുമായി വച്ച കരാറിലും ഈ വ്യവസ്ഥ വച്ചിട്ടുണ്ട്. എന്നാൽ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല. താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരന്റെ അപേക്ഷ, പഞ്ചായത്ത് തീരുമാനം എന്നിവ ഇല്ലാതെ കാലാവധി ദീർഘീകരിപ്പിച്ച് നല്കിയതിന്റെ കാരണം അറിയിക്കേണ്ടതാണ്.

1-

| | |
|---|---|
| പ്രോജക്ടിന്റെ പേര്&നം | കുണ്ടം ചാലിൽ മാത്തിൽ മുക്ക് റോഡ് റീടാറിംഗ് -204/20 |
| അടങ്കൽ | 4,98,000(സംരക്ഷണ ഗ്രാന്റ്-റോഡ്) |
| ചെലവ് | 4,09,834 |
| ബിൽ നം &തീയതി | 19220752009600562715-Dt 16.9.2019 |
| കരാറുകാരൻ | എം.ബാലൻ |
| കരാർ തുക | 4,82,728 |
| കരാർ നം | 31/AE/L S G D /T G P/18-19 /7.11.18 |
| എം ബുക്ക് | 31/18-19 |
| സൈറ്റ് കൈമാറിയ തീയതി | 7.11.18 |
| പ്രവൃത്തി പൂർത്തീകരണ സമയം | 4 മാസം |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 25.3.2019 |
| കാലതാമസം | 18 ദിവസം |

2-

| | |
|---|---|
| പ്രോജക്ടിന്റെ പേര്&നം | കുഞ്ഞിപറമ്പ എൽ പി സ്കൂൾ റോഡ് ടാറിംഗ് -200/20 |
| അടങ്കൽ | 4,63,00(വികസന ഫണ്ട്-ധനകാര്യകമ്മീഷൻ ഗ്രാന്റ് )<br>35,000 (തനത് ഫണ്ട്) |
| ചെലവ് | 4,63,000 |

| | |
|---|---|
| | 16,053 |
| ബിൽ /ചെക്ക് നം &തീയതി | 19220752009600587178 DT 9.11.2019 -4,63,000<br>21900618 Dt 15.11.2019 - 16,053 |
| കരാറുകാരൻ | കെ.രമേഷ് ബാബു |
| കരാർ തുക | 4,81,703 |
| കരാർ നം | 15/AE/L S G D /T G P/18-19 /7.11.18 |
| എം ബുക്ക് | 15/18-19 |
| സൈറ്റ് കൈമാറിയ തീയതി | 7.11.18 |
| പ്രവൃത്തി പൂർത്തീകരണ സമയം | 4 മാസം |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 23.3.2019 |
| കാലതാമസം | 17 ദിവസം |

പിഴ ഈടാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക്(9/16.11.2021) മറുപടി നൽകിയിട്ടുണ്ട് .

## 1-21 മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ അപാകങ്ങൾ

2019-20വർഷം അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ പറയുന്നു.

1.

| | |
|---|---|
| പ്രോജക്ടിന്റെ പേര്&നം | സാംസ്കാരിക നിലയം നവീകരണം 174/20 (സ്പിൽ ഓവർ പ്രോജക്ട്) |
| അടങ്കൽ | 4,52,964 (വികസന ഫണ്ട്- പൊതു വിഭാഗം -സാധാരണ വിഹിതം )<br>1,01,630 (തനത് ഫണ്ട്) |
| ചെലവ് | 4,52,964-19-20 – വികസന ഫണ്ട് പൊതുവിഭാഗം – സാധാരണ വിഹിതം<br>1,01,630 -19-20 – തനത് ഫണ്ട്<br>3,23,263 - (18-19) |
| ബിൽ നം &തീയതി | 19220752009600037600-DT 8.5.2019<br>വൗച്ചർ -21901075 Dt 19.3.20 – 101630 |
| കരാറുകാരൻ | രാജൻ.എം |
| കരാർ തുക | 9,99,746.21 |
| കരാർ നം | 54/AE/L S G D /T G P/18-19 /12.11.18 |
| എം ബുക്ക് | 54/18-19,59/18-19 |

മേൽ പ്രവൃത്തിയുടെ വൗച്ചർ -21901075 Dt 19.3.20 – ൽ വാറ്റ് തുക 1016 അടച്ചിട്ടുണ്ട്. വാറ്റ് അടച്ചത് എന്തിനെന്ന് വ്യക്തമാക്കുക. കരാർ കാലാവധി കരാറിൽ രേഖപ്പെടുത്തിയിട്ടില്ല. ഇനം 3ൽ ഡിസ്മാന്റിൽ ചെയ്ത ഇനങ്ങൾ (Ridges, Hips Valleys And Gutter Etc) (136.49m2) സൈറ്റിൽ സ്റ്റാക്ക് ചെയ്തിട്ടുണ്ടെന്ന് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവ എന്തു ചെയ്തു എന്നും വ്യക്തമല്ല. ഇവ അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/16.11.2021) മറുപടി

നൽകിയിട്ടില്ല

2.

| | |
|---|---|
| പ്രോജക്ടിന്റെ പേര്&നം | രാവാരിക്കണ്ടി പണ്ടാരിക്കണ്ടി റോഡ് റീടാറിംഗ് -183/20 |
| അടങ്കൽ | 2,45,000 (സംരക്ഷണ ഗ്രാന്റ് -റോഡ്) 18,527 (തനത് ഫണ്ട്) |
| ചെലവ് | 2,45,000 |
| ബിൽ നം &തീയതി | 19220752009600046272- DT 15.5.2019 |
| കരാറുകാരൻ | വി.കെ.അമ്മദ് മാസ്റ്റർ |
| കരാർ തുക | 3,49,456 |
| പ്രവൃത്തി മൂല്യം | 335211 |
| ടെണ്ടർ നിരക്ക് | 0.05% കുറവ് |
| കരാർ നം | 05/AE/L S G D /T G P/17-18-/29.11.17 |
| എം ബുക്ക് | 5/17-18 |

മേൽ പ്രവൃത്തിയിൽ നിന്നും ടെണ്ടർ ബിലോ കുറവ് ചെയ്തിട്ടില്ല. തുക ₹168 ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-22 ലേഡീസ് റിട്ടയറിംഗ് റൂം കൺസ്ട്രക്ഷൻ- പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ടിന്റെ പേര്&നം | ലേഡീസ് റിട്ടയറിംഗ് റൂം കൺസ്ട്രക്ഷൻ -205/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| അടങ്കൽ | 5,50,000(തനത് ഫണ്ട്) |
| ചെലവ് | 4,98,000 |
| ബിൽ നം &തീയതി | ചെക്ക് നം 15644307 Dt 3.1.20 |
| കരാറുകാരൻ | എം.രാജൻ |
| കരാർ തുക | 5,49,781.22 |
| കരാർ നം | 57/AE/L S G D /T G P/18-19 /12.11.18 |
| എം ബുക്ക് | 57/18-19, 57A/18-19, |

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം നടപ്പിലാക്കിയ പ്രവൃത്തിയാണ് ലേഡീസ് റിട്ടയറിംഗ് റൂം . 23.11.2021 ന് സൈറ്റ് പരിശോധന നടത്തിയപ്പോൾ പഞ്ചായത്ത് ഓഫീസ് കോംമ്പൗണ്ടിൽ ഒന്നാം നിലയിലാണ് ഈ റൂം നിർമ്മിച്ചിരിക്കുന്നത് കണ്ടു .പുതിയ റൂം നിർമ്മിച്ച് അതിൽ 3 ടോയ് ലറ്റ് , 3 വാഷ് ബേസിൻ ,കണ്ണാടി മുതലായവ സ്ഥാപിച്ചിട്ടുണ്ട്.

എന്നാൽ പേര് സൂചിപ്പിക്കുന്ന പോലെ ലേഡീസിന് വിശ്രമിക്കാനുള്ള പ്രസ്തുത റൂം ഉദ്ദേശ്യ ലക്ഷ്യത്തിനായി ഇതുവരെ ഉപയോഗിച്ചിട്ടുണ്ടോ എന്നത് വ്യക്തമല്ല. ഓഡിറ്റ് എൻക്വയറിയ്ക്ക് (22/23.11.2021)നൽകിയ മറുപടിയിൽ ഇക്കാര്യങ്ങളൊന്നും വിശദീകരിച്ചിട്ടില്ല. പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 മരാമത്ത് പദ്ധതിയുടെ ഫയൽ സൂക്ഷിപ്പിലെ അപാകങ്ങൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ രേഖകളുടെ സൂക്ഷിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- ഫയലുകളിൽ പ്രോജക്ട് ഉൾപ്പെടുത്തുന്നില്ല.

2- എസ്റ്റിമേറ്റ് ഉൾപ്പെടുത്തുന്നില്ല. സാങ്കേതികാനുമതി നം തീയതി , തുക, രേഖപ്പെടുത്തുന്നില്ല

3- എസ്റ്റിമേറ്റ് റിപ്പോർട്ടില്ല.

4- സെലക്ഷൻ നോട്ടീസ് ഇല്ല. അതിനാൽ സമയബന്ധിതമായി കരാർ സമർപ്പിച്ചിരുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല

5- പ്രവൃത്തി പൂർത്തീകരണ തീയതി കരാറിൽ രേഖപ്പെടുത്തുന്നില്ല. അതിനാൽ സമയപരിധിക്കകം പ്രവർത്തി പൂർത്തീകരിച്ചിരുന്നോയെന്നും, പൂർത്തീകരിക്കാത്തവയ്ക്ക് നിയമാനുസൃത പിഴ ഈടാക്കിയോ എന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. Cc First & Final ബില്ലിൽ കരാർ പൂർത്തീകരണ തീയതി രേഖപ്പെടുത്തുന്നത് എപ്രകാരമെന്ന് വ്യകതമല്ല

6-പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അതിനാൽ ഒരു പ്രോജക്ടിന് വേണ്ടി ചെലവഴിച്ച തുകയുടെ വിവരം കൃത്യമായി ലഭിക്കുന്നില്ല .
7-സബ്സിഡിയറി കാഷ് ബുക്ക് സൂക്ഷിക്കുന്നില്ല

8 - ഫയലുകളിൽ തുക മാറിയതിന്റെ ബിൽ, തനത് ഫണ്ട് മുഖേന മാറുന്ന തുകയുടെ വൗച്ചർ/ചെക്ക് പകർപ്പ് സൂക്ഷിക്കുന്നില്ല. തുക നൽകിയത് ആരുടെ, ഏത് അക്കൗണ്ടിലേക്കാണ് എന്നും വ്യക്തമാകുന്നില്ല. ബാങ്ക് അക്കൗണ്ട് പകർപ്പ് വച്ചിട്ടില്ല. ക്യൂ ബില്ലുകൾ, പീന്നീട് മാറുമ്പോൾ, ട്രഷറിയിൽ സമർപ്പിക്കുന്ന പുതിയ ബില്ലും ഫയലിൽ ലഭ്യമല്ല. ഈ ബില്ലുകൾ ട്രഷറിയിൽ വീണ്ടും സമർപ്പിക്കുമ്പോൾ എം ബുക്കിൽ ചേർക്കുന്നില്ല. എം ബുക്കിൽ ആദ്യം നൽകിയ ബില്ലിൽ തന്നെയാണ് തുക മാറിയത് ചേർക്കുന്നത്. ആയത് തന്നെ കൃത്യമായി ചേർത്തിട്ടില്ല. ഇപ്രകാരം മാറിയ തുകകൾ കാഷ്ബുക്കിലും ചേർത്തിട്ടില്ല .

9-റോഡ് കണക്ടിവിറ്റി ഭൂപടവും പ്ലാനും സൂക്ഷിച്ചിട്ടില്ല

10- മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ലേ ബോർഡിനുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നില്ല

11-മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുന്നില്ല.

12- മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.

രേഖകളുടെ സൂക്ഷിപ്പിലുള്ള അപാകങ്ങൾ പൊതുമരാമത്ത് പ്രവർത്തികളുടെ കാര്യക്ഷമമായ നടത്തിപ്പിന് പ്രയാസമുണ്ടാക്കുന്നതും, പ്രവർത്തികളുടെ സമയബന്ധിതമായി നടപ്പാക്കുന്നതിന് തടസ്സമുണ്ടാകുകയും ചെയ്യുന്നുണ്ട്. പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്ത കരാറുകരിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കാതെ വരുന്നുണ്ട്. ഇക്കാര്യത്തിൽ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 സമയബന്ധിതമായി മരാമത്ത് പദ്ധതി നടപ്പിലാക്കിയില്ല

2019-20 വർഷം അടങ്കൽ വച്ച 100 പൊതുമരാമത്ത് പദ്ധതികളിൽ 30 എണ്ണം മാത്രമാണ് നടപ്പാക്കിയത് . ഇതിൽ 20 എണ്ണം സ്പിൽ ഓവർ പദ്ധതികളായിരുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| | അടങ്കൽ വച്ച എണ്ണം | വകയിരുത്തിയ തുക | നടപ്പാക്കിയത് എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|---|
| പുതിയ പദ്ധതികൾ | 75 | 2,25,72,255 | 10 | 26,01,857 |
| സ്പിൽ ഓവർ | 25 | 70,32,613 | 20 | 61,33,502 |
| ആകെ | 100 | 2,96,04,868 | 30 | 87,35,359 |

മരാമത്ത് പ്രവൃത്തിയുടെ 19 ബില്ലുകൾ ക്യൂ ബില്ലാണ് (ടാറിംഗ് -17, കെട്ടിട നിർമ്മാണം- 2). 24.10.2019ന് ശേഷം ട്രഷറിയിൽ ബിൽ സമർപ്പിച്ചത് 4.2.2020-നാണ്. എന്നാൽ ഈ തീയതി മുതൽ ക്യൂബിൽ ആകുകയും ചെയ്തു. പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണ്. ടെണ്ടർ നടപടികളും മറ്റും കൃത്യ സമയത്ത് നടത്തി വകയിരുത്തിയ ഫണ്ട് പൂർണ്ണമായും ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്- അർഹമായ തുക മുഴുവനായും അനുവദിക്കേണ്ടതാണ്

പ്രോജക്ട് പേര് – ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

പ്രോജക്ട് നമ്പർ – 25/20

നിർവ്വഹണഉദ്യോഗസ്ഥൻ : ഐ സി ഡി എസ് സൂപ്പർവൈസർ

അടങ്കൽ :₹325000വികസന ഫണ്ട്

:₹162500 ബ്ലോക്ക് പഞ്ചായത്ത് വിഹിതം

:₹162500 ജില്ലാ പഞ്ചായത്ത് വിഹിതം

ആകെ : ₹650000

ചെലവ് :₹293000 ബിൽ നം 9/19-20 തീയതി 24-1-20

₹32000 ബിൽ നം 11/19-20 തീയതി 31-1-20

₹162500 ബിൽ നം 12/19-20 തീയതി 16-2-20

₹162500 ചെക്ക് നം 1698632 തീയതി 30-3-20

മേൽ പ്രൊജക്ട് പ്രകാരം ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 2019-20 വർഷം 650000രൂപ ചെലവഴിച്ചിട്ടുണ്ട്. മാനസികവെല്ലുവിളി നേരിടുന്ന ഒരു കുട്ടിയ്ക്ക് 12000 രൂപ വീതമാണ് സ്കോളർഷിപ്പ് നല്കിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.) നമ്പർ 22/2018/തസ്വഭവ/14.02.2018 ഖണ്ഡിക 7.1.6(ബി) പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം 28500രൂപ സ്കോളർഷിപ്പ് തുക അനുവദിക്കാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട നിരക്കിൽ സ്കോളർഷിപ്പ് തുക നൽകാത്തതിന് കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/18-11-2021) ലഭ്യമാക്കിയ മറുപടിയിൽ ഫണ്ട് തികയാത്തതിനാലാണ് അർഹതപ്പെട്ട തുക നൽകാൻ കഴിയാതെ പോയത് എന്നറിയിച്ചിട്ടുണ്ട്. 29-01-2018 ലെ സ.ഉ (കൈ) നമ്പർ 11/2018 /ത.സ്വഭ.വ ഉത്തരവിലെ ഖണ്ഡിക 5.2 പ്രകാരം ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പും ബത്തയും എന്നത് അനിവാര്യ വകയിരുത്തലിൽ ഉൾപ്പെട്ടതാണ്. വരുംവർഷങ്ങളിൽ ഭിന്നശേഷിക്കാർക്ക് അർഹമായ മുഴുവൻ തുകയും വകയിരുത്തി പ്രോജക്ട് രൂപീകരിക്കേണ്ടതിലേക്കും അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിലേക്കും സാമൂഹ്യനീതി ഉറപ്പു വരുത്തുന്നതിലേക്കും ഭരണ നിർവ്വഹണാധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-26 ബാലസഭ പ്രവർത്തനം- ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.₹13460 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിന്റെ നമ്പറും പേരും : 178/20,ബാലസഭപ്രവർത്തനം

അടങ്കൽ : 35000(വികസന ഫണ്ട് )

ചെലവ് : 19960ബിൽ നം 3/19-20തീയതി 13-5-19

മേൽ പ്രൊജക്ട് പ്രകാരം 19960 രൂപ കുടുംബശ്രീ സി ഡി എസ് ചെയർപേഴ്സണിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ 6500 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി തുകയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണെന്നറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 21-തീയതി 21-11-21) ലഭ്യമാക്കിയ മറുപടിയോടൊപ്പം 5000 രൂപയുടെ വൗച്ചർ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഫയലിൽ സൂക്ഷിച്ചിട്ടുള്ള വൗച്ചറുകൾ തന്നെയാണ് വീണ്ടും സമർപ്പിച്ചിട്ടുള്ളത്. ചെലവ് രേഖകളുടെ അഭാവത്തിൽ ₹13460 തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ സി.ഡി.എസ്.-ൽ നിന്നും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 എസ് ടി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം-ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതിന്റെ രേഖകൾ ലഭ്യമല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിന്റെ നമ്പറും പേരും : 79/20, എസ് ടി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം

അടങ്കൽ : ₹60000(വികസന ഫണ്ട്- ടി എസ് പി )

ചെലവ് :₹ 43365ബിൽ നം 13/19-20തീയതി 17-3-20

മേൽ പദ്ധതി പ്രകാരം പട്ടിക വർഗ വിഭാഗത്തിൽ പെട്ട 15 ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകുന്നതിനായി ഡ്രീംസ് ഹോം ഫർണിച്ചർ &ഇന്റീരിയർ കോഴിക്കോട് എന്ന സ്ഥാപനത്തിന് ഒരു വാട്ടർ ടാങ്കിന് 3850 രൂപ എന്ന നിരക്കിൽ മേൽ ബില്ല് പ്രകാരം 43365 രൂപ (ആകെ തുകയുടെ 75%) സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ ഫയലിൽ 57750 രൂപ (3850*15) സ്ഥാപനം കൈപ്പറ്റിയതായി കാണുന്നുണ്ട്. 15 ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതമായ 14445 രൂപ അടവാക്കുന്നതായി ഫയൽ നം 1252/2020 തീയതി 16-3-20 പ്രകാരം എസ് സി പ്രമോട്ടർ അറിയിച്ചിട്ടുണ്ട്. എന്നാൽ തുക പിരിച്ചെടുത്തതും സ്ഥാപനത്തിന് നൽകിയതും എപ്രകാരമാണെന്ന് വ്യക്തമല്ല. 14.02.2018 സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.) നമ്പർ 22/2018/തസ്വഭവ ഖണ്ഡിക 6.6(5) പ്രകാരം ഗുണഭോക്തൃവിഹിതം തദ്ദേശസ്വയം ഭരണ സ്ഥാപനത്തിൽ നേരിട്ട് അടയ്ക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്താതെയാണ് പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത്. മേൽ അപാകങ്ങൾ സൂചിപ്പിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 20 തീയതി 21-11-21) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുന്നതിൽ സുതാര്യത ഉറപ്പുവരുത്തേണ്ടതും അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകളും വിശദീകരണവും ലഭ്യമാക്കേണ്ടതുമാണ്.

## 1-28 ജീവനം ക്യാൻസർ സർവ്വേ-ക്വട്ടേഷൻ രേഖകൾ ലഭ്യമാക്കിയിട്ടില്ല.₹25300 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി എച്ച് സി)

പ്രോജക്ടിന്റെ നമ്പറും പേരും : 15/20,ജീവനം ക്യാൻസർ സർവ്വേ , ക്യാൻസർ രോഗ നിർണയ ക്യാമ്പ്

അടങ്കൽ : ₹89000(വികസന ഫണ്ട് )

:₹25000(തനത് ഫണ്ട് )

:₹50000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ആകെ : ₹164000

ചെലവ് : ₹89000 ബിൽ നം 24/19-20 തീയതി 30-3-20

:₹25000 ചെക്ക് നം 029628 തീയതി 11-3-20

:₹50000 ചെക്ക് നം 0786887 തീയതി 23-3-20

ആകെ : ₹164000

സമഗ്ര കാൻസർ സർവ്വെയുടെയും മെഡിക്കൽ ക്യാമ്പിന്റെയും ആവശ്യത്തിലേക്കായി സർവ്വെ വളണ്ടിയർമാരായ ആശവർക്കർമാർക്ക് സർവ്വെ ബുക്ക് രജിസ്റ്ററുകൾ പ്രിന്റ് ചെയ്ത് വിതരണം ചെയ്തതിന് Winart Offset Print ,Kallikandi, എന്ന സ്ഥാപനത്തിന് 25300 രൂപ നൽകിയിട്ടുണ്ട്. ഓഡിറ്റിനു ലഭ്യമാക്കിയ ഫയലിൽ ക്വട്ടേഷൻ നോട്ടീസ്, തുക രേഖപ്പെടുത്തിയിട്ടില്ലാത്ത കംപാരിറ്റീവ് സ്റ്റേറ്റ്മെന്റ് എന്നിവയാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത ആവശ്യത്തിനായി വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച ക്വട്ടേഷൻ, രേഖപ്പെടുത്തിയ തുക , ക്വട്ടേഷൻ ഭരണസമിതി അംഗീകരിച്ചിട്ടുണ്ടോ, എന്നിവ വ്യക്തമാകുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 15 തീയതി 18-11-21) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹25300 തടസ്സപ്പെടുത്തുന്നു.

## 1-29 തുടർ സാക്ഷരത -തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടത്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ട് പേര് &നം | തുടർ സാക്ഷരതപ്രവർത്തനങ്ങൾ-45/20 |
| അടങ്കൽ | ₹50,000 വികസന ഫണ്ട്പൊതു വിഭാഗം -സാധാരണ വിഹിതം<br>₹58,700 – തനത് ഫണ്ട് |

| | |
|---|---|
| ചെലവ് | ₹50,000<br>₹43,250 |
| ബിൽ/ചെക്ക് നം &തീയതി | 19220752009801475648 Dt 16.3.20-₹25,950<br>19220752009801444709 Dt 16.3.20-₹24,050<br>21901074dt 19.2.2020 -₹43,250 |

പത്താം തരം ,ഹയർ സെക്കണ്ടറി പഠിതാക്കൾക്കുള്ള തുടർ സാക്ഷരത പ്രവർത്തനങ്ങൾക്ക് വേണ്ടി മേൽ തുക ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു

| കോഴ്സ് | ബാച്ച് | പഠിതാക്കളുടെ എണ്ണം | തുക |
|---|---|---|---|
| പത്താം തരം | 14(2019-20) | 13 | 24050 |
| ഹയർ സെക്കണ്ടറി | 4( 2018-20 ) | 11 | 25,950 |
| ഹയർ സെക്കണ്ടറി | 5(2019-21) | 18 | 43,250 |

പഠിതാക്കൾ കോഴ്സ് പൂർത്തീകരിച്ചതിന്റേയും, പരീക്ഷ നടത്തിപ്പിന്റെയും വിശദവിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/18.11.21) ഹയർ സെക്കണ്ടറി 5th (2019-21) ബാച്ചിലെ 18 പഠിതാക്കൾ കോഴ്സ് പൂർത്തീകരിച്ചിട്ടില്ലായെന്നും അവർ പഠനം തുടരുകയാണ് എന്നുമാണ് മറുപടി നൽകിയത്. തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ സാക്ഷ്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരങ്ങൾ

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 15.11.2021 & 16.11.2021 | കെ.എസ്.എ./കെ.എൻ.ആർ./ സി.8/1355/2021 തീയ്യതി: 16.12.2021 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തൻവർഷം ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് 2019-2020 | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കൂത്തുപറമ്പ് ബ്ളോക്ക് പഞ്ചായത്ത് | 0 | 85000 | PROJ NO.1/20 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 85000 | 0 |
| കൂത്തുപറമ്പ് ബ്ളോക്ക് പഞ്ചായത്ത് | 0 | 25500 | PROJ NO .2/20 പച്ചക്കറികൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 25500 | 0 |
| കൂത്തുപറമ്പ് ബ്ളോക്ക് പഞ്ചായത്ത് | 0 | 210000 | PROJ NO.40/20 സൌരോർജ വേലി | 210000 | 0 |
| കൂത്തുപറമ്പ് ബ്ളോക്ക് പഞ്ചായത്ത് | 0 | 40000 | PROJ NO.54/20 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 36774 | 3226 |
| കൂത്തുപറമ്പ് ബ്ളോക്ക് പഞ്ചായത്ത് | 0 | 50000 | PROJ NO.15/20 ജീവനം കാൻസർ സർവെ-കാൻസർ രോഗനിർണയ കേമ്പ് | 50000 | 0 |
| കൂത്തുപറമ്പ് ബ്ളോക്ക് പഞ്ചായത്ത് | 0 | 162500 | PROJ NO.25/20 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 162500 | 0 |
| കൂത്തുപറമ്പ് ബ്ളോക്ക് പഞ്ചായത്ത് | 0 | 0 | PROJ NO.187/20 ലൈഫ് സമ്പൂർണ ഭവന പദ്ധതി (ജനറൽ | 1538 മുന്നിരിപ്പിൽ നിന്നും ചെലവഴിച്ചത് | 0 |
| കൂത്തുപറമ്പ് ബ്ളോക്ക് പഞ്ചായത്ത് | 0 | 400000 | PROJ NO.148/20 പുല്ലാട്ടുമ്മൽ കുടിവെള്ള പദ്ധതി | 0 | 400000 |
| കൂത്തുപറമ്പ് ബ്ളോക്ക് പഞ്ചായത്ത് | 0 | 300000 | PROJ NO.159/20 സുജലം തോട് സംരക്ഷണം | 0 | 300000 |
| കണ്ണൂർ ജില്ല പഞ്ചായത്ത് | 0 | 210000 | PROJ NO.40/20 സൌരോർജ വേലി | 0 | 210000 |
| കണ്ണൂർ ജില്ല പഞ്ചായത്ത് | 0 | 40000 | PROJ NO.54/20 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 0 | 40000 |

| | | | | | |
|---|---|---|---|---|---|
| കണ്ണൂർ ജില്ല പഞ്ചായത്ത് | 0 | 177520 | PROJ NO.11/20 സാന്ത്വനപരിചരണം കുടുംബസംഗമം | 177520 | 0 |
| കണ്ണൂർ ജില്ല പഞ്ചായത്ത് | 0 | 162500 | PROJ NO.25/20 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 162500 | 0 |
| കണ്ണൂർ ജില്ല പഞ്ചായത്ത് | 0 | 14620 | PROJ NO.187/20 ലൈഫ് സമ്പൂർണ ഭവന പദ്ധതി(ജനറൽ | 14620 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പ ഇനം | ലഭിച്ച തുക | ഉത്തരവ് | മുൻവർഷാരംഭത്തിൽ തിരിച്ചടക്കാൻ ഉണ്ടായ തുക | ഒടുക്കിയ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കെ.യു.ആർ.ഡി.എഫ്.സി | 1940000 | ലഭ്യമല്ല | 7881307 | 3158824 | 6662483 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷം | 2019-20 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1611824 |
| തൻവർഷം നിക്ഷേപിച്ച തുക | 130045 |
| ആകെ | 1741869 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 1741869 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരങ്ങൾ

| ക്രമ നമ്പർ | നിക്ഷേപത്തിന്റെ വിവരം | തുക | അക്കൗണ്ട് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | പൊയിലൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്(എഫ്.ഡി നമ്പർ.12357/21-02-2019) 8% പലിശ | 233034 | ഇല്ല | 15.5.19 മുതൽ 15.05.20 വരെ |
| 2 | പൊയിലൂർ | 243285 | ഇല്ല | 15.05.19 |

| | | | | |
|---|---|---|---|---|
| | സർവ്വീസ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്(എഫ്.ഡി നമ്പർ.12356/21-02-2019)<br>8% പലിശ | | | മുതൽ 15.05.20 വരെ |
| 3 | കണ്ണൂർ ജില്ലാ സഹകരണ ബേങ്ക് ലിമിറ്റഡ്(എഫ്.ഡി നമ്പർ.039133/21-11-2016) പലിശ 7.25 % | 1265550 | 10351200001 | 21.01.19 മുതൽ 21.11.20 വരെ |
| | ആകെ | 1741869 | | |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 2019-20 വർഷം ലഭിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയആളുടെ പേര്, ഉദ്യോഗ പേര് | രശീതി നമ്പർ |
|---|---|---|---|---|
| 1999-2000 | 14 | 25823 | പി.സി തോമസ്,സെക്രട്ടറി | 119010100201/26-04-2019 |
| 1999-2000 | 15 | 5898 | പി.സി തോമസ്,സെക്രട്ടറി | 119010100202/26-04-2019 |
| 2017-2018 | 3(8),3(9) | 9975 | ജോൺബെൻസ്,കോൺട്രാക്ടർ | 119010102146/26-09-2019 |
| 2017-2018 | 3(8),3(9) | 15114 | ജോൺബെൻസ്,കോൺട്രാക്ടർ | 119010102147/26-09-2019 |
| 2017-2018 | 3(8),3(9) | 555 | ജോൺബെൻസ്,കോൺട്രാക്ടർ | 119010102148/26-09-2019 |
| 2008-2009 | 3(4) | 713 | ജോൺബെൻസ്,കോൺട്രാക്ടർ | 119010102980/24-10-2019 |
| 2014-2015 | 2(1) | 600 | പ്രിൻസിപ്പാൾ,അൽ ഇസ്ലാഹ് ഇംഗ്ലീഷ് സ്കൂൾ | 119010103865/27-11-2019 |
| 2013-2014, 2014-2015 | 2(1) | 1250 | സുനിൽ കുമാർ .എം.പി,മാവേലി സ്റ്റോർ | 119010104196/05.12.2019 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ സംബന്ധിച്ച വിവരങ്ങൾ

ഇല്ല

## 4-9 ചാർജ്/സർചാർജ് നടപടികൾ സംബന്ധിച്ച വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,80,06,058.00. |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,08,78,407.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 38,760 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 13,460 | ശ്രീ.മോഹനൻ.എം.എ(അസിസ്റ്റന്റ് സെക്രട്ടറി) |
| 1-28 | 25,300 | ഡോ.ആനന്ദവല്ലി.എ(മെഡിക്കൽ ഓഫീസർ- പി എച്ച് സി ) |
| ആകെ | 38760 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| **പേര്,തസ്തിക** | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീ.മോഹനൻ.എം.എ | മരണപ്പെട്ടു | മരണപ്പെട്ടു |
| ഡോ.ആനന്ദവല്ലി.എ, | മെഡിക്കൽഓഫീസർ<br>തൃപ്രങ്ങോട്ടൂർ-<br>പി എച്ച് സി - | മണാട്ട് ഹൗസ്,<br>മുതലക്കൽ,<br>ധർമ്മടം (പി ഒ) |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-1999 | കെ.എസ്.എ/കെ.എൻ.ആർ/സി.8 /779/2019/28-05-2019 | 01 |
| 1999-2000 (പദ്ധതിയേതരം) | കെ.എസ്.എ/കെ.എൻ.ആർ/ സി.8/779/2019/28-05-2019 | 01 |
| 1999-20(പദ്ധതി) | കെ.എസ്.എ/കെ.എൻ.ആർ/ സി.8/779/2019/28-05-2019 | 03 |
| 2001-2002(പദ്ധതി) | കെ.എസ്.എ/കെ.എൻ.ആർ/ സി.8/779/2019/28-05-2019 | 01 |

| | | |
|---|---|---|
| 2002-2003 | കെ.എസ്.എ/കെ.എൻ.ആർ/സി.8/779/2019/28-05-2019 | 14 |
| 2003-2004 | കെ.എസ്.എ/കെ.എൻ.ആർ/സി.8/779/2019/28-05-2019 | 17 |
| 2004-2005 | കെ.എസ്.എ/കെ.എൻ.ആർ/സി.8/779/2019/28-05-2019 | 11 |
| 2005-2006 | കെ.എസ്.എ/കെ.എൻ.ആർ/സി.8/779/2019/28-05-2019 | 9 |
| 2006-2007 | കെ.എസ്.എ/കെ.എൻ.ആർ/സി.8/779/2019/28-05-2019 | 9 |
| 2007-2008 | കെ.എസ്.എ/കെ.എൻ.ആർ/സി.8/779/2019/28-05-2019 | 27 |
| 2008-2009 | കെ.എസ്.എ/കെ.എൻ.ആർ/സി.8/779/2019/28-05-2019 | 5 |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ/സി.8/779/2019/28-05-2019 | 6 |
| 2010-11,2011-12 | കെ.എസ്.എ/കെ.എൻ.ആർ/സി.8/779/2019/28-05-2019 | 5 |
| 2012-13 | കെ.എസ്.എ/കെ.എൻ.ആർ/സി.8/779/2019/28-05-2019 | 10 |
| 2013-14,2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.8/779/2019/28-05-2019 | 5 |
| 2015-2016 | കെ.എസ്.എ/കെ.എൻ.ആർ/സി.8/779/2019/28-05-2019 | 7 |
| 2016-2017 | കെ.എസ്.എ/കെ.എൻ.ആർ/സി.8/779/2019/28-05-2019 | 23 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി.8/898/2019/21-08-2019 | 10 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി.8/997/2020/ 28.12.2020 | 24 |

**ഡെപ്യൂട്ടി ഡയറക്ടർ**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.**

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3-1

## RECEIPT & PAYMENT STATEMENT

| For the period from 01-April-2019 to 31-March-2020 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 26125698.00 |
| Cash | Cash | RP-40(a) | 19288.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1009175.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 466706.00 |
| 150000000 | Sale & Hire Charges | RP-5 | 76334.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 34553530.00 |
| 171000000 | Interest Earned | RP-9 | 491089.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3398973.00 |
| 350000000 | Other Liabilities | RP-36 | 372346.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 84066.00 |
| 311000000 | Earmarked Funds | RP-29 | 10175.00 |
| 330000000 | Secured Loans | RP-32 | 1940000.00 |
| 340000000 | Deposits Received | RP-34 | 121494.00 |
| 350000000 | Other Liabilities | RP-36 | 413750.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5068420.00 |
| | **Grand total** | | **74151044.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 2642401.00 |
| 220000000 | Administrative Expenses | RP-12 | 819868.00 |
| 230000000 | Operations & Maintenance | RP-13 | 1397979.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 2392244.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 12601964.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 522551.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 429869.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 203240.00 |
| 255000000 | Maintenance Projects | RP-20 | 3569739.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 25000.00 |
| 280000000 | Prior Period item | RP-26 | -48204.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 154324.00 |
| 350000000 | Other Liabilities | RP-36 | 5308968.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 2374.00 |
| 311000000 | Earmarked Funds | RP-29 | 102000.00 |
| 330000000 | Secured Loans | RP-32 | 2600000.00 |
| 340000000 | Deposits Received | RP-34 | 61756.00 |
| 350000000 | Other Liabilities | RP-36 | 1658017.00 |
| 410000000 | Fixed Assets | RP-38 | 5176704.00 |
| 412000000 | Capital work in Progress | RP-40 | 129996.00 |
| 460000000 | Loans, Advances and Deposits | RP-47 | 1127617.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 33272637.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **74151044.00** |

## അനുബന്ധം -3-2

## INCOME & EXPENDITURE STATEMENT

| For the period from 01-April-2019 to 31-March-2020 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 5793439.00 |

| | | | |
|---|---|---|---|
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 419700.00 |
| 140000000 | Fee & User Charges | I-4(b) | 738506.00 |
| 150000000 | Sale & Hire Charges | I-5(b) | 76334.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 76566202.00 |
| 170000000 | Income from Investments | I-7 | 130045.00 |
| 171000000 | Interest Earned | I-8 | 491089.00 |
| 180000000 | Other Income | I-9 | 84066.00 |
| | **Total Income** | | **84299381.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 8758437.00 |
| 220000000 | Administrative Expenses | I-11(b) | 819868.00 |
| 230000000 | Operations & Maintenance | I-12(b) | 2344610.00 |
| 240000000 | Interest & Finance Charges | I-13 | 2374.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 2973414.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 37955354.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 522551.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 429869.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 13716440.00 |
| 255000000 | Maintenance Projects | I-14(e) | 3569739.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 93476.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 25000.00 |
| 272000000 | Depreciation | I-17(a) | 8036886.00 |
| | **Total Expenditure** | | **79248018.00** |
| | **Gross Surplus/ Deficit of income over Expenditure** | | **5051363.00** |
| 280000000 | Prior Period Item | I-18 | -3279.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **5054642.00** |

# അനുബന്ധം -3-3

# BALANCE SHEET

| BALANCE SHEET as on 31-March-2020 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 10679919.70 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 66680.00 |
| 312000000 | Reserves | B-3 | 40243436.00 |
| | **Total Reserve & Surplus** | | **50990035.70** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5019919.00 |
| | **Total Grants, Contributions for Specific Purposes** | | **5019919.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 6662483.00 |
| | **Total Loans** | | **6662483.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1476861.00 |
| 350000000 | Other Liabilities | B-9 | 1396116.30 |
| | **Total Current Liabilities and Provisions** | | **2872977.30** |
| | **TOTAL LIABILITIES** | | **65545415.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 71393268.00 |
| 411000000 | Accumulated Depreciation | B-11 | -42865518.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | **Total Fixed Assets** | | **28527750.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 1741869.00 |
| | **Total Investments** | | **1741869.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | B-15 | 113900.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 33272637.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.